## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** — **10-08-2023 - ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ പുനർ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ സംരക്ഷണത്തിനും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനുമായി നിർമ്മിച്ച മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകൾ കാലപ്പഴക്കം മൂലം ഷട്ടറുകൾ തകർന്ന് വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഷട്ടറുകളുടെ പുനർനിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (ബി) | ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 732 ലക്ഷം രൂപയും, ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തിയും, മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 446 ലക്ഷം രൂപയുമാണ് ഭരണാനുമതി നൽകിയിരുന്നത്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 4 തവണ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരിക്കുകയും 5-ാമത് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ സർക്കാർ പരിശോധിക്കുകയും സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നിർദ്ദേശിക്കുകയുമുണ്ടായി. പുതിയ നിരക്ക് അനുസരിച്ച് ഏനമാക്കൽ റഗുലേറ്ററിന്റെ (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ) നവീകരണ പ്രവർത്തനങ്ങൾക്കായി 859.2 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 504 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഓരോ റെഗുലേറ്ററിന്റെയും പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവൃത്തികൾ എത്ര | (സി) | ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തി |

| | | | |
|---|---|---|---|
| | തവണ ടെണ്ടർ ചെയ്തെന്നും വ്യക്തമാക്കാമോ? | | നായി സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 732 ലക്ഷം രൂപയും, ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ ത്തിനായി സിവിൽ പ്രവൃത്തിയും, മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 446 ലക്ഷം രൂപയുമാണ് ഭരണാനുമതി നൽകിയിരുന്നത്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 4 തവണ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരിക്കുകയും 5-ാമത് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ സർക്കാർ പരിശോധിക്കുകയും സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നിർദ്ദേശിക്കുകയുമുണ്ടായി. പുതിയ നിരക്ക് അനുസരിച്ച് ഏനമാക്കൽ റഗുലേറ്ററിന്റെ (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ) നവീകരണ പ്രവർത്തനങ്ങൾക്കായി 859.2 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 504 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ